# ജാമക്കാരൻ
# JAMAKKARAN

**VOLUME - 6** **Reg NO.TNBIL/2016/70171** **ISSUE - 6**
**JUNE - 2022 TAMIL & MALAYALAM**
**ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=**

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com
Mob.: No. 9894261333



കർത്താവിൽ പ്രിയരെ,

വീണ്ടും ജൂൺ മാസ മാസിക വഴിയായി നിങ്ങളെ എല്ലാപേരേയും സന്ദർശിക്കാൻ കഴിഞ്ഞതിനായി ദൈവത്തെ സ്തുതിക്കുന്നു.

## ശ്രീലങ്ക തീകത്തി എരിയുന്നു

കഴിഞ്ഞ ഒരു മാസമായി നമ്മുടെ അയൽരാജ്യമായ ശ്രീലങ്കയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് ലോകം മുഴുവനും കണ്ടു കൊണ്ടിരിക്കുന്നു. ശ്രീലങ്ക പ്രധാനമന്ത്രി രാജപക്സെ കുടുംബഭരണമായി നടത്തിക്കൊണ്ടിരിക്കുന്ന ശ്രീലങ്ക കൊറോണ ക്കാലത്തിൽ ഉണ്ടായ സാമ്പത്തിക പരാജയം ഇവരുടെ ഭരണം ശരിയല്ലാത്തതുകൊണ്ട്, മുൻകരുതലോടെ ഭരണം നടത്താത്തതുകൊണ്ട്, ശ്രീലങ്ക മുഴുവനും ഭയങ്കര ക്ഷാമത്തിലും പട്ടിണിയിലും കഴിയുന്നു. ഇന്ത്യയിൽ നിന്ന് പല ബില്യൺ ഡോളർ പണം അയച്ചതിൽ 70% ഇവരുടെ ഫാക്ടറിക്കു ഇരുമ്പു വാങ്ങുവാൻ ചെലവഴിച്ചതു ജനങ്ങൾ അറിഞ്ഞപ്പോൾ ദേശം മുഴുവനും

ദേഷ്യത്തോടെ ഭരണഅധികാരികൾക്കു എതിരായി പോരാടാൻ തുടങ്ങി. നാടുമുഴുവനും പട്ടിണിയാൽ കിടക്കുമ്പോൾ ഇന്ത്യ അയച്ച പണം ഇവരുടെ ബിസിനസ്സിന് എടുത്തു ഉപയോഗിച്ചതു ഇവരെ കുടുംബമായി ഭരണത്തിൽ തിരഞ്ഞെടുത്ത സിംഹളർക്ക് വെറുപ്പുണ്ടാക്കി. അതുകൊണ്ട് ഭയങ്കര ലഹള ഉണ്ടായി. ജനങ്ങൾ വീഥികളിൽ പ്രശ്നങ്ങൾ ഉണ്ടാക്കി. പോലീസിനു തടയാൻ സാധിച്ചില്ല. രാജ്പക്സെയുടെ വീടുകൾക്കു തീവെച്ചു. മന്ത്രിമാരുടെ വീടുകൾക്കു തീവെച്ചു, പ്രസിഡന്റിന്റെ വീടിനുമുമ്പിൽ ഘെരാവോ നടത്തി. കഴിഞ്ഞ ഒരു മാസമായി പ്രസിഡന്റിനു പുറത്തുവരാൻ സാധിച്ചില്ല. പ്രധാനമന്ത്രി രാജപക്സെയും മറ്റു മന്ത്രിമാരും രാജപക്സെയുടെ കുടുംബവും തിരുകോണമല എന്നു പറയുന്ന സ്ഥലത്തു ഓടി രക്ഷപ്പെട്ടു. മിലിറ്ററിയുടെ സംരക്ഷണത്തോടെ ജീവമരണപോരാട്ടം അവർക്കുണ്ടായി. ഇപ്പോൾ, തമിഴർക്കായി ഇവർ ചെയ്ത ക്രൂരതകൾ ലക്ഷക്കണക്കിൽ ജനങ്ങളെ കൊന്നു കുഴിച്ചിട്ട കാര്യങ്ങൾ, അതിനു പകരമായി, രാജപക്സെ കുടുംബം മുഴുവനും മരണഭയത്തോടെ ഒളിച്ചു ജീവിക്കുന്നു. അതുകൊണ്ടു പുതിയഭരണം ഉണ്ടാകണം എന്നു ജനങ്ങൾ ആഗ്രഹിക്കുന്നു. ലോകത്തിലുള്ള എല്ലാ നേതാക്കളും ശ്രീലങ്കാ പ്രധാനമന്ത്രിയേയും പ്രസിഡന്റിനേയും മറ്റു നേതാക്കളെയും ദേഷ്യത്തോടെ കുറ്റം പറഞ്ഞ് രാജിവെക്കാൻ നിർബന്ധിക്കുന്നു. പ്രസിഡന്റ് ഒഴികെ മറ്റെല്ലാരും രാജിവച്ച് ഓടി രക്ഷപ്പെട്ടു. ഇതിനു പ്രധാനകാരണം പാർലമെന്റിൽ ഭൂരിപക്ഷം എം.പി.മാരുടെ സപ്പോർട്ട് ഉണ്ടായിരുന്നതുകൊണ്ട് ഇവരെല്ലാവരും സർവ്വഅധികാരം ഉള്ളവരായി മാറി. ദേശത്തിലെ ജനങ്ങളെക്കുറിച്ചു ഒരു കരുതലില്ല, ജനങ്ങളെക്കുറിച്ചു ചിന്തയില്ലാതെ പോയി.

ഇത് എല്ലാ ദേശങ്ങൾക്കും ദേശനേതാക്കൾക്കും നമ്മുടെ സി.എസ്.ഐ. സഭാനേതാക്കൾക്കും ഒരു മുന്നറിയിപ്പാണ്. ഭൂരിപക്ഷം അധികാരം കിട്ടിയാൽ അധികാരത്തെ ദുഷ്പ്രയോജനം ചെയ്യുന്നു. ഭൂരിപക്ഷ അധികാരം കിട്ടിയതുകൊണ്ടാണ് പല ഡയോസിസുകളിൽ ബിഷപ്പുമാർ മോഡറേറ്റർമാർ തങ്ങളുടെ അധികാരത്തെ ദുഷ്പ്രയോജനം ചെയ്യുന്നത്. ഡയോസിസ്

ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട കമ്മറ്റികളെ അധികാരം ഉപയോഗിച്ചു നീക്കിക്കളയുന്നു. താൻ പറയുന്നതുപോലെ അനുസരിക്കുന്നവരെ ഭരണകമ്മറ്റികളിൽ പദവികൾ കൊടുക്കുന്നു. ചോദിക്കാൻ ആരുമില്ല. കോടതിയിൽ ചെന്നു ന്യായം ചോദിക്കാൻ സഭാജനങ്ങളുടെ കയ്യിൽ പണമില്ല. പക്ഷെ ഈ നേതാക്കൾക്കും ഭരണാധികാരിൾക്കും ജനങ്ങളുടെ കാണിക്കകളെ ചിലവാക്കി സുപ്രീംകോടതിവരെ ചെല്ലുവാൻ സാധിക്കും. ആവശ്യമില്ലാത്ത കെട്ടിടപ്പണി, നന്നായിരിക്കുന്ന കെട്ടിടങ്ങളെ ഇടിച്ചു പുതിയ കെട്ടിടങ്ങൾ പണിയുന്നതു. അങ്ങനെയുള്ള കോൺട്രാക്ട് പണിയിൽ ചിലവാക്കുന്ന പണത്തിന്റെ മുക്കാൽ ഭാഗം ഭരണത്തിലുള്ളവരും ബിഷപ്പുമാരും പങ്കുവെക്കുന്നു. കോളേജ് അഡ്മിഷനു പണം വെട്ടിപ്പു, മെഡിക്കൽ കോളേജ് അഡ്മിഷനു പണവെട്ടിപ്പു. ഡയോസിസ് ജനങ്ങൾ ഇടുന്ന കാണിക്കയിൽ പണവെട്ടിപ്പു ഇതു മുഖാന്തരമായി പല പ്രശ്നങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ശ്രീലങ്കയിലെ ജനങ്ങൾ ക്ഷമയോടെ സഹിച്ചുകൊണ്ടിരുന്നതു ഭരിക്കുന്നവരുടെ സർവ്വാധികാരത്തിന്റെ അതിർ കടന്നുപോയശേഷം പൊങ്ങി എണീറ്റു പ്രധാനമന്ത്രിയുടെ വസതി തീയിട്ടതു, മന്ത്രിമാർ കൊലചെയ്യപ്പെട്ടതു പോലെ ഡയോസിസുകളിലും സംഭവിക്കും. ഒരുദിവസം ഡയോസിസ് ജനങ്ങളും സത്യം മനസ്സിലാക്കി ഭരണാധികാരികൾക്കു എതിരായി പുറപ്പെടുമ്പോൾ ഈ നേതാക്കളും കൂടെയുള്ളവരും മനസ്സിലാക്കും.

ടി.വി.യിൽ ഒരു ബിഷപ്പ് ഈ പ്രശ്നങ്ങളെക്കുറിച്ചു പറയുമ്പോൾ ഭൂരിപക്ഷജനങ്ങൾ പറയുന്ന കാര്യങ്ങൾ അംഗീകരിക്കുന്നു ഏകദേശം ഇരുന്നൂറുകുടുംബങ്ങൾ മാത്രമാണ് എനിക്കെതിരുള്ളത്എന്നു പച്ചക്കള്ളം പറഞ്ഞത് തമിഴ്നാട് ടി.വി.യിലും ഞാൻ കണ്ടു. അന്യായങ്ങളെ ദൈവം പൊറുക്കയില്ല. ഇവരുടെ തെറ്റായ ഈവക കാര്യങ്ങൾക്ക് ഒരു അതിർ ഉണ്ട്. ദൈവത്തിന്റെ കോപം തീയായി കത്തിക്കും അതു അടുപ്പിൽ ഉള്ള തീയല്ല ജനങ്ങളുടെ ഹൃദയത്തിൽ ഉള്ള തീ അന്യായങ്ങളെക്കണ്ടു ജനങ്ങൾ കരഞ്ഞു പ്രാർത്ഥിക്കുമ്പോൾ ഹാബേലിന്റെ രക്തം സ്വർഗ്ഗത്തിൽ എത്തിയതുപോലെ

ഇവരുടെ പ്രാർത്ഥനയും സ്വർഗ്ഗത്തിൽ എത്തും. ദൈവം ശിക്ഷയിൽ ആയുധത്തെ കയ്യിൽ എടുക്കും. ജനങ്ങൾ ഇടുന്ന കാണിയിൽ കൈവെക്കുന്നവർ, വെട്ടിപ്പു നടത്തുന്നവർ, അവരുടെ കുടുംബത്തിനുള്ള എല്ലാവരുടെമേലും ശാപമായി മാറും. അതിന്റെ വേദന ഇവർ അനുഭവിക്കുമ്പോൾ മാത്രമെ ഇവർ അറിയുകയുള്ളു. ഇതിന്റെ പ്രധാനകാരണം, തിരഞ്ഞെടുക്കുന്ന ജനങ്ങൾ ഭൂരിപക്ഷം, നേതാക്കൾക്കു കൊടുത്തതുകൊണ്ടു അവർ സർവ്വധികാരികളായി മാറിപ്പോയി. ശ്രീലങ്കയിൽ പ്രസിഡന്റിനെ പദവിയിൽ നിന്നു ഇറക്കാൻ ഏതു നിയമത്തിനും പാർലമെന്റിനും സാധിക്കില്ല. അങ്ങനെ ഒരു നിയമത്തെ പാർലമെന്റ് മെമ്പർമാർ മൂലമായി പാസ്സാക്കിവെച്ചത് രാജപക്സെയുടെ രാജതന്ത്രമാണ്. താൻ പ്രസിഡന്റാകുമെന്നുള്ള ചിന്തയിൽ അദ്ദേഹം അങ്ങനെ ചെയ്തു. സ്ഥിരം പ്രസിഡന്റ് പദവിക്കായി അദ്ദേഹം അങ്ങനെ ചെയ്തു. ഇപ്പോൾ പദവിയിൽ ഉള്ള ഗോത്ബയക്കു അതു സഹായമായി. അദ്ദേഹം സർവ്വാധികാരിയായി ഇപ്പോഴും പ്രവർത്തിക്കുന്നു. വീടുവിട്ടുവെളിയിൽ വരാൻ സാധിക്കാതെ വേറെ ദേശത്തുപോയി രക്ഷപ്പെടാനും കഴിയാതെ നേതാക്കന്മാരുടെ ജീവിതം ഭയത്തോടെ കഴിയുന്നു.

നമ്മുടെ ഭാരതത്തിലും ഇതുതന്നെ ഇപ്പോഴുള്ള ഭരണത്തിലും ഇതുതന്നെ സംഭവിക്കുന്നു. ഭൂരിപക്ഷം പാർലമെന്റ് മെമ്പർമാരും മോദിയേയും അമിത്ഷായേയും പിൻതാങ്ങുന്നതുകൊണ്ടു ഗവൺമെന്റ് വകയായ വിമാനക്കമ്പനി (എയർ ഇന്ത്യ), ടെലഫോൺ കമ്പനി (ബി.എസ്.എൻ.എൽ.), വിമാനത്താവളങ്ങൾ എല്ലാം കോർപ്പറേറ്റിനുപോകാൻ ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞു. അതു ദേശത്തിലുള്ള ചെറിയ വ്യാപാരികളേയും ജനങ്ങളേയും വളരെ ബാധിക്കും. ഒരേ ദേശം ഒരേ ഭാഷ ഒരേ മതം എന്നുള്ള ഹിന്ദുത്വ ആശയത്തെ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നു.


പോണ്ടിച്ചേരി ജിപ്മെർ ആശുപത്രിയിൽ രോഗികൾ പൂരിപ്പിക്കാനുള്ള സ്ഥലത്ത് ഹിന്ദിയല്ലാതെ വേറെ ഭാഷയില്ല. ഗ്രാമത്തിൽ നിന്നുവരുന്ന

പാവപ്പെട്ട തമിഴ്ജനങ്ങൾ ഇതെങ്ങനെ പൂരിപ്പിക്കും? എല്ലാ സ്റ്റേറ്റുകളിലും ബി.ജെ.പി. ആളുകളെ ഭരണത്തിലും പോലീസിലും സൈന്യത്തിലും നിറച്ചിരിക്കുന്നു. ഇതു വർദ്ധിച്ചാൽ ദേശം ശ്രീലങ്കപോലെ മാറും. സൈന്യം പ്രധാനമന്ത്രിയുടെ കയ്യിൽ എത്തിക്കഴിഞ്ഞു. കോടതി ജഡ്ജിമാരിൽ ഭൂരിപക്ഷം ബി.ജെ.പി. അനുയായികൾ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. സുപ്രീംകോടതിയും പ്രധാനമന്ത്രിയുടെ നേരിട്ടുള്ള ഭരണത്തിൽ എത്തിക്കഴിഞ്ഞാൽ തീർനനു. എല്ലാ മതത്തിലുള്ളവർക്കും അവരവരുടെ മതനേതാക്കളിൽ നിന്നു കിട്ടേണ്ട ന്യായം കോടതയിലും സുപ്രീംകോടതിയിലും കിട്ടും എന്നുള്ള പ്രതീക്ഷകൾ തകർന്നുകൊണ്ടിരിക്കുന്നു. ഇന്ത്യാജനങ്ങളുടെ അവസാനപ്രതീക്ഷ സുപ്രീംകോടതിയാണ്.

ഇന്ത്യാദേശം മറ്റൊരു ശ്രീലങ്കപോലെ മാറാതിരിക്കുവാൻ സർവ്വാധികാരത്തിൽ നിന്നു ജനാധിപത്യത്തിലേക്കു മാറുവാനും ക്രിസ്തീയ ഡയോസിസ് ഭരണങ്ങളും സർവ്വാധികാരം ലഭിച്ച ബിഷപ്പുമാരുടേയും മോഡറേറ്റർമാരുടെയും കയ്യിൽ നിന്നു ജനാധിപത്യത്തിലേക്കു മാറുവാനും. ഓരോരുത്തരുടേയും ഹൃദയത്തിൽ ദൈവഭയം ഉണ്ടാകുവാനും വായനക്കാർ ഓരോ ദിവസവും അവരവരുടെ പ്രാർത്ഥനയിൽ പ്രാർത്ഥിക്കണം. ഞാനും അതിനുവേണ്ടി പ്രാർത്ഥിക്കുന്നു. ദൈവം നാമെല്ലാവരും സമാധാനത്തോടെ ജീവിക്കാൻ കരുണ കാണിക്കട്ടെ. ഒരു രാജാവിനെ തള്ളി മറ്റൊരു രാജാവിനെ ഉണ്ടാക്കാനുള്ള ശക്തി ദൈവത്തിനു മാത്രം ഉണ്ട്. അതുകൊണ്ട് വിശ്വാസികളായ നാം ന്യായം ലഭിക്കുവാൻ കോടതിക്കു പോകാതെ ആളാംപ്രതിയായിട്ടും കൂട്ടായ്മ പ്രാർത്ഥന വഴിയായിട്ടും ദൈവപുത്രനോട് യാചിക്കണം. മിസ്രയീമിലെ ജനങ്ങളുടെ കണ്ണുനീരിനെക്കണ്ടു ദൈവം തന്റെ ദേഷ്യത്തിൽ നിന്നുമാറി സർവ്വാധികാരിയുടെ കയ്യിൽ നിന്നു വിടുവിച്ചതുപോലെ നമ്മെയും ഇവരുടെ കയ്യിൽ നിന്നും വിടുവിച്ച് ആത്മീക കനാനിൽ പ്രവേശിക്കുവാൻ സഹായിക്കട്ടെ.

**ഡോ. പുഷ്പരാജ്**

# വിശുദ്ധിയെ പ്രസംഗിച്ച ദൈവവേലക്കാരൻ അശുദ്ധിയിൽ വീണുപോയ വാർത്ത



ലോകപ്രശസ്തനായ പ്രാസംഗികനാണ് ഡോക്ടർ രവി സക്കറിയ അവർകൾ. ഇദ്ദേഹം പ്രസംഗത്തിൽ വലിയ മിടുക്കനാണ്. നല്ല ബൈബിൾ പരിജ്ഞാനം ഉള്ള വ്യക്തിയാണ്. ഇദ്ദേഹത്തിന്റെ പ്രസംഗം സാധാരണ ക്രിസ്ത്യാനികളെക്കാൾ ഉയർന്ന ഉദ്യോഗത്തിൽ ഇരിക്കുന്നവർക്കും ഉയർന്ന പഠിത്തം ഉള്ളവർക്കും ദേശത്തെ ഭരിക്കുന്നവർക്കും വളരെ പ്രയോജനമായിരിക്കുന്നു. ഉയർന്നനിലയിൽ ഉള്ളവരെല്ലാം ഇദ്ദേഹത്തിന്റെ പ്രസംഗം കേട്ടാണ് മാനസാന്തരപ്പെട്ടത് സാധാരണവസ്ത്രം ധരിച്ച് കൂടുതൽ പഠിത്തമില്ലാത്ത ഒരു വ്യക്തിയെ നമ്മുടെ സഭാകൺവെൻഷനിൽ പോലും വിളിക്കാൻ ഇഷ്ടപ്പെടുന്നില്ല. നല്ല പഠിച്ചവരെയാണു കൺവെൻഷനു ക്ഷണിക്കുക. സാധാരണ പ്രാസംഗികനോടു സംസാരിച്ചു മാനസാന്തരപ്പെട്ട എത്രയോപേർ ഇന്നു വലിയ പ്രസംഗിമാരായി ഇരിക്കുന്നു. അതുപോലെ കൂടുതൽ പഠിത്തം ഉള്ളവരും വലിയജോലിയിൽ ഇരിക്കുന്നവരും സാധാരണ പ്രസംഗിമാരുടെ പ്രസംഗം കേൾക്കാൻ ഇഷ്ടപ്പെടുന്നില്ല. ഇങ്ങനെയുള്ള സാഹചര്യത്തിൽ ഡോ. രവി സക്കറിയ അവർകളെ വലിയ യൂണിവേഴ്സിറ്റികളിലും ഉയർന്ന കോളേജുകളിലും പ്രസംഗിക്കാൻ വിളിക്കും. അങ്ങനെ ഉള്ളവർ എത്രയോപേർ കരഞ്ഞ് പാപത്തെ ഏറ്റുപറഞ്ഞ് ദൈവത്തെ ഏല്പിച്ചതു ഞാൻ കേട്ടിട്ടുണ്ട്. അങ്ങനെ ദൈവത്താൽ ഉപയോഗപ്പെടുത്തപ്പെട്ട വ്യക്തിയാണ് ഡോ. രവി സക്കറിയ. പൂർവ്വിക മലയാളികുടുംബത്തിൽ ജനിച്ചാലും വളർന്നതെല്ലാം അമേരിക്ക, യൂറോപ്പ് രാജ്യങ്ങളിലാണ്. ദൈവം ഇദ്ദേഹത്തിന് പ്രത്യേക

താലന്തുകൾ കൊടുത്തിരിക്കുന്നു. ദൈവം ഇല്ലെന്നു പറയുന്ന നിരീശ്വരവാദികൾ വെല്ലുവിളിച്ച് ഇദ്ദേഹത്തോട് സംസാരിച്ച് ഇദ്ദേഹം ചോദിച്ച ചോദ്യത്തിന് മറുപടി പറയാൻ സാധിക്കാതെ മടങ്ങിപ്പോയവരുണ്ട്. അങ്ങനെ പോയവർ വീണ്ടും മടങ്ങിവന്ന് രവിസക്കറിയായോടു സംസാരിച്ച് ദൈവത്തെ വിശ്വസിച്ചവരെ ചിലരെ ഞാനറിയും. ക്രിസ്ത്യാനികളിൽ ലിബറൽ തിയോളജി വിശ്വസിക്കുന്ന അച്ചന്മാരും, ദൈവവേലക്കാരും പ്രാസംഗകന്മാരും ഉണ്ട്. ഉല്പത്തി പുസ്തകത്തെ വിശ്വസിക്കാത്ത ആ ലിബറൽ തിയോളജിക്കാർ ചൂണ്ടിക്കാണിക്കുന്നത്, ദിനോസർ എന്നുള്ള മൃഗം ലോകത്തിലെ ഏറ്റവും വലിയ മൃഗമാണ്. ആ മൃഗം ലോകത്തിൽ ജീവിച്ച കാലം പലകോടി വർഷങ്ങൾക്കുമുമ്പാണ് എന്ന് ഗവേഷകർ പറയുന്നു. അങ്ങനെ വരുമ്പോൾ ഉല്പത്തി പുസ്തകത്തിന്റെ കാലം വ്യത്യാസപ്പെടുന്നതിനെ ചൂണ്ടിക്കാണിച്ച്, വേദപുസ്തകത്തിൽ യോജിക്കാത്ത കാര്യങ്ങൾ കാണുന്നു എന്നുപറയുന്ന ചരിത്ര ഗവേഷകരേയും ഡോ. രവി സക്കറിയ അവർകൾ ബൈബിൾ വചനത്തേയും ലോകചരിത്രപുസ്തകങ്ങൾ പലതിനെ താരതമ്യപ്പെടുത്തി ചരിത്രതെളിവോടെ ബൈബിൾ; നൂറിന് നൂറ് സത്യം എന്നു തെളിയിക്കുന്നു.

പിതാ പുത്ര പരിശുദ്ധാത്മാവിനെക്കുറിച്ചും ചോദ്യങ്ങൾ ചോദിച്ച് രവി സക്കറിയായെ തോല്പിക്കാൻ ശ്രമിച്ച യൂണിവേഴ്സിറ്റികൾ പ്രത്യേകം കൂട്ടം സംഘടിപ്പിച്ച് ലോകത്തിൽ പലഭാഗങ്ങളിലും പല സ്ഥലങ്ങളിൽ നിന്നും ബൈബിൾ പണ്ഡിതന്മാരെയും വിളിച്ച് ഡോ. രവി സക്കറിയായെ നടുവിൽ ഇരുത്തി ഒത്തിരി ചോദ്യങ്ങൾ ചോദിച്ചു അപമാനപ്പെടുത്തുവാൻ ശ്രമിച്ചു. പക്ഷെ എല്ലാ ചോദ്യത്തിനും താമസിക്കാതെ തെളിവോടെ ഉത്തരങ്ങൾ പറഞ്ഞ് ചോദിച്ചവരുടെ എല്ലാപേരുടെയും സംശങ്ങൾ തീർത്തു. രവി സക്കറിയായുടെ പേര് ലോകം മുഴുവനും കൂടുതൽ പ്രശസ്തമായി. ഡോ. രവി സക്കറിയ ഇന്റർനാഷണൽ മൂവ്മെന്റ് എന്ന പേരിൽ ട്രസ്റ്റ് ഉണ്ടാക്കി ലോകം മുഴുവനും ധാരാളം സഭകൾ സ്ഥാപിച്ചു. മാസംതോറും പലകോടി രൂപ അയച്ച് അവരെ സഹായിച്ചു ഇദ്ദേഹത്തിന്റെ പ്രസംഗം കേട്ട് മാനസാന്തരപ്പെട്ടവർ ലോകപ്രശസ്തരായി ദൈവവേല ചെയ്യുന്നു.

വിശുദ്ധിയെക്കുറിച്ചും വിശുദ്ധി നഷ്ടമാകാതെ എങ്ങനെ നാം നമ്മെ സൂക്ഷിക്കണം എന്നും പല നൂറുപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ഇദ്ദേഹം തന്റെ പുസ്തകങ്ങൾ എഴുതുന്നതുകൊണ്ട് സാധാരണ ആളുകൾക്ക് ഇദ്ദേഹത്തിന്റെ ഇംഗ്ലീഷ് മനസ്സിലാക്കാൻ പ്രയാസമാണെന്നു പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ആശയങ്ങൾ വളരെ ആഴമുള്ളതാണെന്നും അതു മനസ്സിലാക്കാൻ പ്രയാസമാണെന്നും പലർ പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്.

ഇങ്ങനെ നല്ല താലന്തുകൾ ലഭിച്ച ഡോ. രവി സക്കറിയായുടെ അന്തരംഗപാപങ്ങൾ ഒരു ദിവസം പുറത്തു വന്നു. ആദ്യം അദ്ദേഹം ഒരു ഡോക്ടർ എന്നു പറഞ്ഞത് കള്ളം എന്നു തെളിയിച്ചു. അദ്ദേഹം പി.എച്ച്.ഡി. പഠിച്ച ആളല്ല എന്നാലും പല യൂണിവേഴ്സിറ്റികളിൽ നല്കിയ ഡോക്ടർ പട്ടങ്ങൾ ആണ് ഉള്ളത്.

ലോകത്തിന്റെ പല ഭാഗങ്ങളിലുള്ള വിശ്വാസികൾ വഴിയായി കോടിക്കോടിയായ ഡോളർകർ അദ്ദേഹത്തിനു ലഭിക്കുന്നുണ്ട്. അങ്ങനെ ലഭിക്കുന്ന പണത്തെ പല പാപകാര്യങ്ങൾക്കു ചെലവാക്കി. മാസത്തിൽ 2 പ്രാവശ്യമെങ്കിലും തായ്ലാന്റിൽ പോയി അവിടെ ഉള്ള നഗ്നരായ ബാല്യക്കാരത്തി പെൺകുട്ടികളോടു ചേർന്നുള്ള അശ്ലീലകാര്യങ്ങൾക്കു വേണ്ടി കോടിക്കണക്കിന് പൈസ ചിലവഴിച്ചു. ഇദ്ദേഹത്തിന്റെ സംഘടനയിൽ ഉള്ള 13 ബോഡ് മെമ്പർമാർ ഉണ്ടായിട്ടും ഇദ്ദേഹം എടുത്തു കൊണ്ടുപോകുന്ന കോടിക്കണക്കായ പണത്തിന് കണക്കു ചോദിച്ചിട്ടില്ല. അതിനു മറ്റൊരു കാരണം ഇദ്ദേഹത്തിന്റെ ട്രസ്റ്റ് അംഗങ്ങൾ എല്ലാപേരും ഇദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ. തന്റെ ഭാര്യ മകൻ ചില ബന്ധുക്കൾ എല്ലാം ട്രസ്റ്റികളാണ്. ഏകദേശം 74–ാം വയസ്സിൽ ഇദ്ദേഹം കിടപ്പിൽ ആയ സമയത്തിലും തന്റെ മൊബൈയിൽ ഫോൺ ആർക്കും കാണിച്ചിട്ടില്ല. അസുഖം കൂടിയപ്പോൾ ഇദ്ദേഹം അറിയാതെ മൊബൈയിൽ പരിശോധിച്ചു. ആരും അറിയാതെ വെച്ചിരുന്ന പാസ്‌വേഡ് എങ്ങനെയോ എടുത്തു പരിശോധിച്ചപ്പോൾ 200 സ്ത്രീകളോടു നഗ്നനായി കിടക്കുന്നതും കളിക്കുന്നതും അതിൽ കണ്ടു.

തായ്ലാന്റിൽ ഇദ്ദേഹത്തിനു സ്വന്ത സ്ഥലങ്ങളും കെട്ടിടങ്ങളും കുളങ്ങളും ഉണ്ട്. വലിയ കോമ്പൗണ്ടിനുള്ളിൽ ഉള്ള ഈ ബംഗ്ലാവിനെ വെളിയിൽ ആർക്കും കാണാൻ പറ്റില്ല. അതിനുള്ളിലെ ബംഗ്ലാവിൽ നൂറുകണക്കിനു സ്ത്രീകൾ നഗ്നരായി ചുറ്റി നടക്കുന്നതു കാണാം. ലോകത്തിലുള്ള പണക്കാരായ ആളുകൾ മസാജിനുവേണ്ടി ഇവിടെ വന്ന് പല ദിവസങ്ങൾ താമസിച്ചു മടങ്ങും. കോടിക്കണക്കായ ഡോളർ ഇദ്ദേഹത്തിനു കൊടുക്കും. തന്റെ സ്വന്തസ്ഥലമായ അമേരിക്കയിൽ തന്റെ താമസസ്ഥലത്തിനടുത്ത് SPA എന്ന പേരിൽ നഗ്നരായ സ്ത്രീകളെക്കൊണ്ട് മസാജിംഗ് സെന്റർ നടത്തുന്നു. ഇപ്പോൾ അദ്ദേഹത്തിന്റെ മരണശേഷം ഭാര്യയും മകനും ചുമതല എടുത്തു നടത്തുന്നു. ഇദ്ദേഹത്തിന്റെ പാപകാര്യങ്ങൾ പുറത്തുവന്നപ്പോൾ ഇദ്ദേഹത്തിന്റെ പ്രസംഗം കൊണ്ട് രക്ഷിക്കപ്പെട്ട ചിലർ മാനസികരോഗികളായി മാറി. രവി സക്കറിയായുടെ രഹസ്യങ്ങൾ യൂട്യൂബ് വഴിയായി വന്നപ്പോൾ ഡോ. രവി സക്കറിയ അതിനെക്കുറിച്ചു കാര്യമാക്കാതെ ക്ഷമ ചോദിക്കാതെ തന്റെ പാപജീവി തന്നെ തുടർന്നു. മാത്രമല്ല കഴിഞ്ഞ 19 വർഷങ്ങളായി ഈ പാപത്തിനു ഞാൻ അടിമയായിക്കിടക്കുന്നു എന്ന് പറഞ്ഞു.

ഇതിൽ നിന്നു വായനക്കാർ മനസ്സിലാക്കേണ്ട വിഷയം ഒരു ദൈവവേലക്കാരൻ പാപം ചെയ്തുകൊണ്ട് ദൈവവേല ചെയ്യുവാൻ സാധിക്കും. ധാരാളംപേർ ആ യോഗത്തിൽ രക്ഷിക്കപ്പെടാനും സാധിക്കും. ധാരാളം പേർക്ക് ഇങ്ങനെയുള്ള ദൈവവേലക്കാർ മുഖാന്തരം രോഗശാന്തിയും ലഭിക്കും. ദൈവവേലക്കാർ പാപം ചെയ്താലും അവർ ഉപയോഗിക്കുന്നത് കർത്താവിന്റെ വചനമാണ്. വചനംകേട്ട് ജനങ്ങൾ മാനസാന്തരപ്പെടുന്നു. പാപത്തെക്കുറിച്ച് ദുഃഖിക്കുന്നു. മാനസാന്തരപ്പെടുന്നു. ദൈവം പറഞ്ഞു: **പ്രവർത്തിക്കാതെ എന്റെ വചനം മടങ്ങിവരുന്നില്ല**. കർത്താവിന്റെ വചനം ജീവനുള്ളതാണ്. വചനം തന്നെ അവനെ സൗഖ്യമാക്കി എന്നു വേദവചനത്തിൽ എഴുതിയിട്ടുണ്ട്.

എ.ജി. പാസ്റ്റർമാർ 2 പേർ, അമേരിക്കയിൽ പാസ്റ്റർ ഡോ. ജിമ്മി സ്വഗട്ട്, പാസ്റ്റർ റവ. ജിം ബെക്കർ രണ്ടുപേരും പാപം ചെയ്തു രഹസ്യ വീഡിയോ

വഴിയായി രഹസ്യങ്ങൾ പുറത്തായി. ഉടനേ സഭക്കുമുമ്പിലും ഭാര്യമാർക്കുമുമ്പിലും തന്റെ പാപങ്ങളെ ഏറ്റുപറഞ്ഞു ക്ഷമ ചോദിച്ചു. അതിൽ ജീം ബെക്കർ മാത്രം കൂടുതൽ മനസ്താപപ്പെട്ട് പൊട്ടിക്കരഞ്ഞത് റ്റി.വി. യിൽ കണ്ടു. ഒരു വർഷം ഈ രണ്ടുപേരും ദൈവവേല ചെയ്യാൻ പാടില്ല എന്നുപറഞ്ഞ് അസംബ്ലീസ് ഓഫ് ഗോഡ് സഭ അവരെ വിലക്കി. എന്റെ മാസികയിലും ഫോട്ടോയോടെ ഞാൻ പരസ്യപ്പെടുത്തി. പക്ഷെ ഡോ. രവി സക്കറിയാ അവർകൾ 19 വർഷം ഈ പാപം ചെയ്തുകൊണ്ട് ലോകം മുഴുവനും കൺവെൻഷനിൽ പ്രസംഗിച്ചു എന്തൊരു ധൈര്യം ഇത് എല്ലാ ദൈവവേലക്കാർക്കും അച്ചന്മാർക്കും ബിഷപ്പുമാർക്കും ഒരു പാഠമായിരിക്കട്ടെ. ഡോ. രവി സക്കറിയ അവർകൾ തന്റെ 74-ാം വയസ്സിൽ മരിച്ചുപോയി. കർത്താവിൽ മരിച്ചു എന്നു പറഞ്ഞ് അദ്ദേഹത്തെ കുഴിച്ചിട്ടു എന്നാൽ കർത്താവിലല്ല അദ്ദേഹം മരിച്ചത്. കർത്താവിൽ മരിച്ചു എന്നു അദ്ദേഹത്തെക്കുറിച്ചു പറയാൻ പാടില്ല. വായിക്കുന്ന നിങ്ങളോട് ഞാനൊരു ചോദ്യം ചോദിക്കട്ടെ. മരിച്ച രവി സക്കറിയ അവർകളുടെ ആത്മാവ് ഇപ്പോൾ എവിടെയായിരിക്കും? ധനവാനോടു കൂടെ പാതാളത്തിലോ ലാസർ പോയ പറുദീസായിലോ? ഇന്നു നിങ്ങളും ഇതു എഴുതുന്ന ഡോ. പുഷ്പരാജായ ഞാനും മരിച്ചാൽ എവിടെപ്പോകും എന്ന ഉറപ്പ് ജീവിക്കുമ്പോൾ തന്നെ നമുക്കുണ്ടായിരിക്കണം.

- ☐ നിങ്ങൾ അയച്ച എല്ലാ പണവും കിട്ടി. ഓരോരോമാസവും മാസിക താമസിച്ചുതന്നെ കിട്ടും. ഇപ്പോൾ അതുമാറ്റാൻ സാധിക്കുന്നില്ല.
- ☐ ഇനിയും ഞാൻ കൺവെൻഷനു തീയതികൾ ആർക്കും കൊടുത്തിട്ടില്ല. നാലാമത്തെ കൊറോണ വ്യാപനം ജൂലൈ മാസം വരെ നീണ്ടുപോകും എന്നു പറയുന്നു.
- ☐ നിങ്ങളുടെ എല്ലാ പ്രാർത്ഥനാകുറിപ്പുകൾക്കും ഞാൻ തുടർന്നു പ്രാർത്ഥിക്കുന്നു. ഫോൺ വഴിയായിട്ടും പ്രാർത്ഥിക്കുന്നു.

# റവ. ഡോ. സാം കമലേശൻ അവർകളുടെ ആരംഭകാല രക്ഷയുടെ അനുഭവത്തെക്കുറിച്ചുള്ള അഭിമുഖസംഭാഷണം.



**കുറിപ്പ് :** ലോകപ്രശസ്തനായ ഒരു കൺവെൻഷൻ പ്രാസംഗികനാണ് ഡോ. സാം കമലേശൻ. കേരളത്തിലെ വലിയ കൺവെൻഷനായ മാരാമൺ കൺവെൻഷനിൽ തുടർന്നു പ്രസംഗിക്കുന്ന ദൈവവേലക്കാരനാണ്. പലവർഷങ്ങൾ വേൾഡ് വിഷൻ എന്ന സ്ഥാപനത്തിന്റെ വൈസ്പ്രസിഡന്റായി പ്രവർത്തിച്ചിരുന്നു. എഫ്.എം.പി.ബി. എന്ന ഏഷ്യയിലെ വലിയ മിഷനറി സ്ഥാപനത്തിന്റെ സ്ഥാപകർ അഞ്ചുപേരിൽ ഒരാളാണ്. ഇദ്ദേഹത്തിന്റെ ബേസ്വോയിസിലുള്ള പാട്ടുകേൾക്കാൻ ലോകത്തിലുള്ള സായിപ്പൻമാർ വളരെ ഇഷ്ടപ്പെടുന്നു. ഭൂരിപക്ഷംപേർക്കും ഇദ്ദേഹം രക്ഷിക്കപ്പെട്ടത് എങ്ങനെ എന്നു അറിയാൻ പാടില്ല. ശ്രീലങ്കയിലെ Back to the Bible Broadcast റേഡിയോ പ്രക്ഷേപണത്തിൽ പ്രസംഗിക്കാൻ വന്നപ്പോൾ ആ സ്ഥാപനത്തിന്റെ ഭരണാധികാരികൾ ഈ അഭിമുഖ സംഭാഷണം ഏർപ്പാടു ചെയ്തു. വായനക്കാർക്കു പ്രയോജനമായിരിക്കും എന്നു വിശ്വസിക്കുന്നു.

**ചോദ്യം :** ഡോ. സാം കമലേശൻ അവർകളെ താങ്കളുടെ കുടുംബത്തെക്കുറിച്ച് പറയാമോ?


11

**ഉത്തരം :** എനിക്കു മൂന്നുമക്കൾ ഉണ്ട്. എന്റെ ഭാര്യയും ഞാനും മദ്രാസ് യൂണിവേഴ്സിറ്റിയിൽ പഠിച്ചു പാസ്സായവരാണ്. എന്റെ ഭാര്യ പഠിച്ചത് സുവോളജി. ഞാൻ പഠിച്ചത് വെറ്റിനറി (മൃഗവൈദ്യം).

**ചോദ്യം :** നിങ്ങളുടെ സ്വദേശം ഏത്?

**ഉത്തരം :** ഞങ്ങൾ വളർന്നത് തിരുച്ചിയിൽ ആണ്. പക്ഷെ മദ്രാസ് കോളേജിൽ പഠിക്കുമ്പോൾ മദ്രാസ് സിറ്റിയിൽ തന്നെ സെറ്റിൽ ആയി. ഞങ്ങൾക്കു മൂന്ന് കുട്ടികൾ. മൂത്തവൻ സുന്ദരരാജ്, രണ്ടാമത്തെയാൾ ഒരു പെൺകുട്ടി അവളുടെ പേര് നിർമ്മല. മൂന്നാത്തെ മകന്റെ പേര് മനോഹരൻ.

**ചോദ്യം :** താങ്കൾ എങ്ങനെ രക്ഷിക്കപ്പെട്ടു അതു ഞങ്ങൾ അറിയാൻ ആഗ്രഹിക്കുന്നു.

**ഉത്തരം :** ഞാൻ ക്രിസ്തീയ കുടുംബത്തിൽ ജനിച്ചതുകൊണ്ട് സന്മാർഗ്ഗത്തെക്കുറിച്ചു മാത്രം അറിഞ്ഞിരുന്നു. ക്രിസ്ത്യാനികൾ ചില പ്രത്യേക കാര്യങ്ങൾ ഒന്നും ചെയ്യാനില്ല എന്നും ഞാനറിഞ്ഞിരുന്നു. പക്ഷെ യഥാർത്ഥ ക്രിസ്ത്യാനിയായി ജീവിക്കാൻ ശക്തി എങ്ങനെ ലഭിക്കും എന്നു ഞാനറിഞ്ഞില്ല. അപ്പോൾ എനിക്ക് 20 വയസ്സ്, വെറ്റിനറി മെഡിക്കൽ കോളേജിൽ ഞാൻ പഠിച്ചുകൊണ്ടിരുന്നു. ഞാൻ താമസിക്കുന്ന മുറിയിൽ ഒരു ഹൈന്ദവവ്യക്തി കൂടെ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് ശങ്കരനാരായണൻ. ഒരുദിവസം വഴിയിൽ നിന്നുകൊണ്ടു പ്രസംഗിക്കുന്ന ഒരു വ്യക്തി പ്രസംഗിച്ച കാര്യങ്ങൾ ഇദ്ദേഹം കേട്ടു. ആ പ്രസംഗം അദ്ദേഹത്തിന്റെ ആത്മാവിനെ തൊട്ടു. അന്ന് അദ്ദേഹം വൈകിട്ടു മുറിയിൽ മടങ്ങിവന്നപ്പോൾ ഒരു പുതിയ മനുഷ്യനായി ഞങ്ങൾക്കു തോന്നി. പല വ്യത്യാസങ്ങൾ അദ്ദേഹത്തിന്റെ പ്രവർത്തിയിൽ ഞങ്ങൾ കണ്ടു. അന്നത്തെ വഴിയിലെ പ്രസംഗം കേട്ടപ്പോൾ അദ്ദേഹം ദൈവത്തോടു ഒരു ഉടമ്പടി ചെയ്തു എന്ന വിഷയം ഞങ്ങൾ അറിഞ്ഞില്ല. വഴിപ്രസംഗം കേട്ട അദ്ദേഹം പ്രാർത്ഥിക്കുമ്പോൾ പ്രാർത്ഥനയിൽ ദൈവത്തോടു ചോദിച്ചതെന്തെന്നാൽ

യേശുവേ നീ യഥാർത്ഥ ദൈവമായിരുന്നാൽ എന്റെ ജീവിതത്തെ പുതുക്കി നീ മാറ്റണം. എന്നെ അശുദ്ധിയിൽ നിന്നുവിടുവിക്കണം എന്നു പ്രാർത്ഥിച്ചു അങ്ങനെ അങ്ങ് എന്നെ പാപത്തിൽ നിന്നു വിടുവിക്കുമെങ്കിൽ എന്റെ ജീവിതം മുഴുവനും നിനക്കുള്ളതാണ് എന്ന് പ്രാർത്ഥനയിൽ പറഞ്ഞു. ആ മിനിറ്റിൽ യേശു അദ്ദേഹത്തെ തന്റെ പൈതലായി മാറ്റാൻ തുടങ്ങി. അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉണ്ടായ മാറ്റങ്ങളെ ഞാൻ തന്നെ നേരിട്ടു കണ്ടു. അദ്ദേഹത്തെ നോക്കി ഞാൻ ചോദിച്ചു. ശങ്കർ നിന്റെ ജീവിതത്തിൽ പല മാറ്റങ്ങളെ ഞാൻ കാണുന്നു. ആരാണതിനു കാരണം അതിന് ഒറ്റവാക്കിൽ യേശു തന്നെ എന്നെ പുതുമനുഷ്യനാക്കി മാറ്റി എന്നു പറഞ്ഞു. പാരമ്പര്യ ക്രിസ്ത്യാനിയായ എന്റെ ജീവിതത്തിൽ ഇല്ലാത്ത പല മാറ്റങ്ങൾ ഒരു ഹൈന്ദവനായ ശങ്കരന്റെ ജീവിതത്തിൽ കണ്ടതു എന്നിൽ പല ചോദ്യങ്ങളും ഉണ്ടാക്കി. എനിക്കും ഈ മാറ്റങ്ങൾ ഉണ്ടാകണം എന്ന ഒരു ആഗ്രഹം ഉണ്ടായി. ഞാനും ശങ്കറും ബാംഗ്ലൂർ സിറ്റിയുടെ അടുത്തുള്ള ഹുസൂർ ക്യാറ്റിൽ ഫാമിൽ ജോലി ചെയ്തുകൊണ്ടിരുന്നു. ഒരുദിവസം വൈകിട്ട് ഞങ്ങൾ രണ്ടുപേരും ഫാമിൽ നടന്നു കൊണ്ടിരുന്നു. അപ്പോൾ അദ്ദേഹത്തെ നോക്കി. ശങ്കർ നിന്റെ ജീവിതത്തിൽ വലിയമാറ്റം സംഭവിച്ചിരിക്കുന്നു. നീ ക്രിസ്തുവായ ദൈവത്തോടു ചേർന്നു എന്നത് ഞാൻ നിന്റെ പ്രവർത്തനത്തിൽ കാണുന്നു. എന്റെ ജീവിതത്തിൽ ചില ആവശ്യങ്ങൾ ഉണ്ട്. അതിനായി നീ യേശുവിനോടു എനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സാധിക്കാമോ എന്നു ചോദിച്ചു. ഇങ്ങനെയുള്ള ചോദ്യം ഞാൻ യഥാർത്ഥ ക്രിസ്ത്യാനിയായി മാറുവാനുള്ള ആഗ്രഹം കൊണ്ടല്ല ചോദിച്ചത്. ക്രിസ്തുവിനോടു അടുക്കണം എന്ന ആഗ്രഹം എനിക്കില്ലായിരുന്നു. എന്റെ വ്യക്തിപരമായ ചില ആവശ്യങ്ങൾ ഉണ്ട്. ലോകപ്രകാരമായ ആ വിഷയങ്ങൾ എങ്ങനെയെങ്കിലും എനിക്കു ലഭിക്കണം എന്നുള്ള ആഗ്രഹത്തിൽ ചോദിച്ചു. ഈ ശങ്കർ ദൈവത്തോടു അടുപ്പമുള്ള ആൾ ആയതുകൊണ്ട് ദൈവം അദ്ദേഹത്തിന്റെ പ്രാർത്ഥനകേട്ട് എന്റെ

ആവശ്യങ്ങൾ നടത്തിത്തരുമല്ലോ എന്നു വിചാരിച്ചു ചോദിച്ചു. അദ്ദേഹം ഉടൻ തന്നെ **സാം** നിനക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കും. പക്ഷെ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനുമുമ്പു യേശുക്രിസ്തു പറഞ്ഞിരിക്കുന്ന ചില നിബന്ധനകൾ നീ അംഗീകരിക്കണം എന്നു പറഞ്ഞു. ഉടൻതന്നെ എന്താണു നിബന്ധനകൾ എന്നു ചോദിച്ചു ഞാൻ ചോദിച്ചതിനു മറുപടി പറയാതെ നീ ക്രിസ്ത്യാനിയോ എന്നു ചോദിച്ചു എനിക്കു ഭയങ്കര ഞെട്ടൽ ഉണ്ടായി. എന്റെ ക്രിസ്തീയ പേര് അദ്ദേഹത്തിന് അറിയാം. ഞാൻ പാരമ്പര്യ ക്രിസ്തീയ കുടുംബത്തിൽ ജനിച്ചവൻ എന്നും അദ്ദേഹത്തിന് അറിയാം. എന്നിട്ടും നീ ക്രിസ്ത്യാനിയാണോ എന്നു ചോദിക്കാൻ ഇദ്ദേഹത്തിന് എന്ത് അധികാരം ഉണ്ട്. എന്നെ അദ്ദേഹം അപമാനിക്കുന്നതായി എനിക്കു തോന്നി. പക്ഷെ എന്റെ ആഗ്രഹങ്ങൾ സാധിക്കണമെങ്കിൽ ഇദ്ദേഹം പ്രാർത്ഥിക്കണമല്ലോ എന്ന ചിന്തയിൽ എന്റെ ദേഷ്യത്തെ ഞാൻ അടക്കി എന്താ ശങ്കർ എന്നോട് ഇങ്ങനെ ചോദിച്ചത് ഞാൻ ക്രിസ്ത്യാനി എന്നു നിനക്കറിയാമല്ലോ എന്നു ഞാൻ പറഞ്ഞു. **സാം** നിങ്ങൾ നല്ല ക്രിസ്തീയ കുടുംബത്തിൽ ജനിച്ച ആൾ നിന്റെ പാരമ്പര്യആചാരങ്ങൾ എല്ലാം കൊള്ളാം എന്നാൽ നീ വീണ്ടും ജനിച്ച അനുഭവം ഇല്ലെങ്കിൽ നീ ക്രിസ്ത്യാനിയേ അല്ല എന്നു പറഞ്ഞു. ഉടനെ ഞാൻ, ബൈബിൾ എവിടെയാണു വീണ്ടും ജനിക്കുന്ന അനുഭവത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നത് എന്നു കാണിച്ചു തരണം എന്നു പറഞ്ഞു. അദ്ദേഹത്തിന്റെ കയ്യിൽ എപ്പോഴും വേദപുസ്തകം ഉണ്ടായിരിക്കും. ഉടനെ തന്നെ അദ്ദേഹം വേദപുസ്തകം തുറന്ന് യോഹന്നാൻ 3–ാം അദ്ധ്യായത്തെക്കാണിച്ചു **ഒരുത്തൻ വീണ്ടും ജനിക്കാതെ പോയാൽ ദൈവരാജ്യം കാണത്തില്ല** എന്ന വാക്യം ഞാൻ വായിച്ചു.

ഉടൻ തന്നെ എനിക്കു രണ്ടു സത്യങ്ങൾ മനസ്സിലായി. അത് ശങ്കർ പറയാതെ എനിക്കുതന്നെ മനസ്സിലായി ഒന്ന് ഞാൻ ശരിയായ ക്രിസ്ത്യാനി ആകണമെങ്കിൽ എന്നെ ശരിയായ ക്രിസ്ത്യാനി ആക്കുവാൻ അധികാരം

ലഭിച്ചത് യേശുവിനുമാത്രമാണ്. യേശുവിന്റെ വചനത്തെ അനുസരിച്ചു ജീവിക്കണം. യേശുവിന്റെ കല്പന **നീ വീണ്ടും ജനിക്കണം** എന്നാണ്. വേദപുസ്തകത്തിൽ ആ കല്പനയെ ആർക്കാണ് യേശു കൊടുത്തത്. സന്മാർഗ്ഗ ജീവിതത്തോടു ജീവിച്ച ന്യായപ്രമാണത്തെ അറിഞ്ഞ നിക്കദേമോസിനോടാണു പറഞ്ഞത്. സന്മാർഗമായി ജീവിച്ച നിക്കദേമോസിനു വീണ്ടും ജനനം ആവശ്യമെങ്കിൽ എനിക്കും അത് ആവശ്യമാണ്. ഈ രണ്ടു സത്യവും എന്റെ മനസ്സിൽ ഉണ്ടായി.

എന്റെ ജീവിതത്തിലെ ദൈവത്തിന്റെ സമയമാണ് അത്. അതുകൊണ്ട് യേശു എന്നോട് വളരെ അടുത്തു സംസാരിക്കാൻ തുടങ്ങി. ഉടൻ തന്നെ എന്റെ സുഹൃത്തായ ശങ്കറിനോട് വീണ്ടും ജനിക്കണമെങ്കിൽ എന്തുചെയ്യണമെന്നു ചോദിച്ചു അതിന് അദ്ദേഹം ലോകപ്രകാരമായി നിങ്ങൾ എന്തുചെയ്താലും ഒരു മാറ്റവും ലഭിക്കുന്നില്ല. ആദ്യം നിങ്ങൾ പാപത്തിൽ അടിമപ്പെട്ടവൻ എന്നു മനസ്സിലാക്കണം. യേശുക്രിസ്തു നമുക്കെല്ലാവർക്കും വേണ്ടി ചെയ്തത് നിങ്ങൾ മനസ്സിലാക്കണം. അവൻ നിങ്ങൾക്കുവേണ്ടി മരിച്ചു നിങ്ങൾക്കു വേണ്ടി ഉയിർത്തെഴുന്നേറ്റു എന്നു പറഞ്ഞിട്ട് വീണ്ടും എന്നോട് നിങ്ങൾ പാപി എന്നു ഇപ്പോഴെങ്കിലും സമ്മതിക്കുമോ എന്നു ചോദിച്ചു. നിങ്ങൾ അങ്ങനെ ചെയ്താൽ രക്ഷകൻ എന്നുപേരുള്ള യേശു നിങ്ങളെ സകല പാപത്തിൽ നിന്നും വിടുവിക്കും. ഈ സത്യത്തെ സമ്മതിക്കുന്നോ എന്നു ചോദിച്ചു അതിനു ഞാൻ തീർച്ചയായി സമ്മതിക്കുന്നു എന്നു പറഞ്ഞു. ഉടൻ തന്നെ ഞങ്ങൾ സംസാരിച്ച അതേ സ്ഥലത്ത് ആ വഴിയിൽ മുട്ടുകുത്തി പ്രാർത്ഥിച്ചു. അദ്ദേഹവും മുട്ടുകുത്തി ഞാൻ ഡോക്ടറായി ജോലി നോക്കുന്നതു പശുക്കളെ വളർത്തുന്ന സ്ഥലം എന്നു ഞാൻ നിങ്ങളോടു പറഞ്ഞല്ലോ. അതു വെറും അഴുക്കു നിറഞ്ഞ ഒരു ഒരു വഴി അവിടെത്തന്നെ ഞങ്ങൾ മുട്ടുകുത്തി പ്രാർത്ഥിക്കാൻ തുടങ്ങി. ആ മിനിട്ടിൽ തന്നെ എന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടു എന്നു ഒരു വിശ്വാസം എന്റെ ഉള്ളിൽ വന്നു. അന്നത്തെ ജീവിതത്തിൽ എന്റെ ജീവിതത്തിൽ ഉണ്ടായിരുന്ന ചീത്ത പ്രവർത്തികൾ യേശുവിനോടു വായ് തുറന്നു പറഞ്ഞു. യേശുവേ ഞാൻ

പറഞ്ഞ ഈ വിഷയത്തിൽ നിന്നു പൂർണ്ണമായ ജയം എനിക്കു നല്കണമേ എന്നു ഞാൻ പറഞ്ഞു. അന്നത്തെ രാത്രി എന്നെക്കൊണ്ടു മറക്കാൻ കഴിയാത്ത രാത്രി ആയിരുന്നു. യേശു എന്റെ പാപത്തെ മുറിച്ചുമാറ്റി എന്നെ വിടുവിച്ചു എന്റെ ഹൃദയത്തിന്റെ മുഴുവനും നായകനായി. അന്നുരാത്രി എന്റെ ഹൃദയത്തിൽ വന്ന ദൈവപുത്രൻ ഇന്നുവരെ മാറിട്ടില്ല എന്നെ തുടർന്നും തന്റെ വഴിയിൽ നടത്തുന്നു.

**ചോദ്യം :** അവസാനമായി Back to the Bible സ്ഥാപനത്തിന്റെ മാസിക വായനക്കാർക്കായി എന്തെങ്കിലും പറയാൻ ആഗ്രഹിക്കുന്നോ?

**ഉത്തരം :** ഒന്നാമതായി നിങ്ങളുടെ വായനക്കാർക്ക് എന്റെ അപേക്ഷ എന്തെന്നാൽ സാം കമലേശൻ എന്ന എന്റെ പേർ പറഞ്ഞ് അവരുടെ പ്രാർത്ഥനയിൽ ഓർക്കണം. ഇപ്പോൾ ഞാൻ ലോകം മുഴുവനും ഓരോ ദേശമായി പോയി വരുമ്പോൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന വ്യക്തികൾ ഇല്ലാതെ പോയാൽ അതു വെറും മനുഷ്യവാർത്തയായി തീരും. ഞാൻ പ്രസംഗിക്കുമ്പോൾ അതു ദൈവത്തിന്റെ വായിൽ നിന്നു വരുന്ന വചനമായിരിക്കാൻ എന്നു എനിക്കുവേണ്ടി പ്രാർത്ഥിക്കണം.

**രണ്ടാമത് ഞാൻ** പറയാൻ ആഗ്രഹിക്കുന്നതു ഇതു വായിക്കുന്ന നിങ്ങൾ ഏതു കഷ്ടതയിൽ ഇരുന്നാലും ദുഃഖത്തിൽ ഇരുന്നാലും മാറാത്ത യേശുക്രിസ്തു നിങ്ങളെ മാറ്റും, നിങ്ങളെ സംരക്ഷിക്കും എന്നു പറഞ്ഞിരിക്കുന്നു. അതു ക്രിസ്തുവിന്റെ സ്വഭാവം പറഞ്ഞ വാക്കു യേശു തീർച്ചയായും നിറവേറ്റും അതും അദ്ദേഹത്തിന്റെ സ്വഭാവം 2 തിമൊ. 2:13 –ാം വചനത്തെ എടുത്തു വായിക്കുവിൻ. അതിൽ മാറാത്ത ദൈവം നിങ്ങളെ വിട്ടുപിരിയാതെ നിങ്ങളെ കരംപിടിച്ചു നടത്തും എന്നു എഴുതിയിരിക്കുന്നു.

**മൂന്നാമത്തെ കാര്യം** നാമെല്ലാപേരും ഈ ലോകത്തിൽ ജീവിക്കുന്ന കാലം വളരെ ചുരുക്കം. പെട്ടെന്ന് നാം പ്രതീക്ഷിക്കാത്ത സമയത്തിൽ കർത്താവു നമ്മെനോക്കി നിന്റെ ജീവിതത്തിൽ അവസാനമായി എന്നു പറയുന്ന

ഉടൻതന്നെ നാം ഈ ലോകത്തിൽ നിന്നു പോകേണ്ടവരാകുന്നു. പക്ഷെ നശിക്കാത്ത കാര്യം എന്തെന്നാൽ നിങ്ങൾ ആരോടെങ്കിലും യേശുവിനെക്കുറിച്ചു പറഞ്ഞു അദ്ദേഹത്തെ ആദായപ്പെടുത്തണം. നൂറുപേർ ആയിരം പേർ എന്ന കണക്കിൽ പറയണം എന്നു ആവശ്യമില്ല. യേശു ഈ ലോകത്തിൽ ആയിരുന്നപ്പോൾ 12 പേർക്കു വേണ്ടി മാത്രം. തന്റെ മുഴുവൻ സയവും ചിലവാക്കി. അവർ മുഖാന്തരമായി ലോകം മുഴുവനും യേശു രക്ഷകൻ എന്നു പറയാൻ സാധിച്ചു. അതുപോലെ നമ്മുടെ ചുറ്റുപാടിൽ നിന്ന് രണ്ടുപേരെ തിരഞ്ഞെടുത്ത് ഞാൻ ഈ ലോകം വിട്ടുപോകുന്നതിനു മുമ്പ് അവർ നല്ല വിശ്വാസികളായി വളരാൻ സഹായിക്കണമേ, എന്റെ മരണത്തിനു മുമ്പു അതുണ്ടാകണമേ എന്നു പ്രാർത്ഥിക്കണം. ഈ കാര്യത്തെ പരിശുദ്ധാത്മാവിന്റെ ബലം കൊണ്ടു ചെയ്യണം. ഇങ്ങനെ ഓരോരുത്തരും ചെയ്യുമെങ്കിൽ അനേകർ യേശുവിനുവേണ്ടി എഴുന്നേറ്റു നില്ക്കുന്ന വീരന്മാരായി മാറും.

ഈ മൂന്നു കാര്യത്തെയും വായിക്കുന്നവർ കാണുന്നവർ ചെയ്യുമെങ്കിൽ എനിക്കും കർത്താവിനും പൂർണതൃപ്തിയായിരിക്കും.

## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 — **A/C No: 10764116842**

SWIFT CODE - SBININBB300 — **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. — **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. — **A/C No: 1219101013622.**

# ചോദ്യം : ഉത്തരം

**ചോദ്യം :** അഗ്നിഅഭിഷേകം എന്നുള്ള വാക്കു ധാരാളം റ്റി.വി. പ്രസംഗകരും മറ്റുള്ള പ്രാസംഗികരും ഉപയോഗിക്കുന്നതു നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? അതിനെക്കുറിച്ചു നിങ്ങളുടെ അഭിപ്രായം എന്താണ്?

**ഉത്തരം :** അഗ്നിഅഭിഷേകം എന്ന വാക്ക് ക്രിസത്യാനികളെ ആകർഷിക്കുന്ന ഒരു വാക്കാണ്. പരിശുദ്ധാത്മാവു ലഭിക്കുവാനും അന്യഭാഷ ലഭിക്കാനും ഈ വാക്ക് പല ദൈവവേലക്കാർ ഉപയോഗിക്കുന്നു. അഗ്നി ഇറങ്ങുന്നു. അഗ്നി ഇറങ്ങുന്നു എന്നു ഉച്ചത്തിൽ പറയുന്നതു നിങ്ങൾ കേട്ടിരിക്കും. ഇതാ പരിശുദ്ധാത്മാവു ഇറങ്ങി തീനാളം ഞാൻ കാണുന്നു തീനാളം തീനാളം എന്നു ഉറപ്പാകും. തീ ഇറങ്ങുന്നു. തീനാളം ഒഴുകുന്നു. അഗ്നി, അഗ്നി, അഗ്നി എന്നു നിലവിളിക്കുന്നതു എന്തുകൊണ്ടാണ്? ജനങ്ങളെ ഇവരെല്ലാം വഞ്ചിക്കുന്നു. ഇങ്ങനെ പറഞ്ഞ് ജനങ്ങളെ ആവേശത്തിലേക്ക് കൊണ്ടുപോകാൻ ശ്രമിക്കുന്നു. പച്ചക്കള്ളം പറയുന്ന ഈ പ്രാസംഗികർ എത്ര ശബ്ദം ഉയർത്തി പ്രസംഗിച്ചാലും അതു പരിശുദ്ധാത്മാവിന്റെ പ്രവൃത്തി അല്ല. അവസാനകാലത്തിൽ ഗോതമ്പു മണികളെ വേർതിരിക്കാനും പതിരിനെ ചുട്ടെരിക്കാനും വേണ്ടി കർത്താവു

അയയ്ക്കുന്ന തീയാണ്. എന്തിനുവേണ്ടി തീ ഇറങ്ങണം. ആരാധനയാൽ കൂടിയവരെല്ലാം വിശ്വാസികളും രക്ഷിക്കപ്പെട്ടവരും എന്നു പറയുന്നു. ഇവരുടെ ഇടയിൽ തീ ഇറങ്ങണം എന്നു പറയുന്നു. നല്ല വിശ്വാസികൾപോലും വഞ്ചിക്കപ്പെടുന്നു. ഇതുകൊണ്ടുണ്ടാകുന്ന മാറ്റങ്ങൾ നിങ്ങൾ ശ്രദ്ധിക്കണം. ഓരോരോ പ്രസംഗത്തിന്റെ അവസാന പ്രാർത്ഥനയിൽ ഇതു നിങ്ങൾ കാണണം. എല്ലാപേരേയും എഴുന്നേല്പിച്ചു നിർത്തി കയ്യുയർത്തി നില്ക്കാൻ പറയും. പടത്തിൽ കാണുന്നതുപോലെ ചിലർ കയ്യുയർത്തി നിലവിളിച്ച്, ചിലർ കയ്യടിച്ച് ആർപ്പിടുന്നു. ഇതു പരിശുദ്ധാത്മാവിന്റെ പ്രവർത്തി എന്നു നിങ്ങൾ വിചാരിക്കുന്നോ. ഇതു വെറും ആവേശം മാത്രം. അവസാനം ഇത് അന്യഭാഷയിലേക്കു കൊണ്ടുപോകും. അതുകൊണ്ടു നിങ്ങൾ ചോദിച്ച ചോദ്യപ്രകാരം അഗ്നി അഭിഷേകം തീനാളം ഇതെല്ലാം പെന്തെക്കോസ്തുകാർ ഉപയോഗിക്കുന്ന വാക്കാണ്. അതു അവർക്കു ശീലമായിപ്പോയി. പാസ്റ്റർമാർ വഞ്ചിക്കുന്നു. ജനങ്ങൾ വഞ്ചിക്കപ്പെടുന്നു.

ഇതെല്ലാം പരിശുദ്ധാത്മ നിറവിന്റെ അടയാളമല്ല. ഇപ്പോഴെല്ലാം പെന്തക്കോസ്തുസഭ നടത്തുന്ന യോഗങ്ങളിൽ ഹല്ലേലൂയ എന്നു ഉച്ചത്തിൽ പറയുന്നതിലും സ്തോത്രം എന്നു വേഗത്തിൽ പറയുന്നതിലും കിട്ടുന്നില്ല. യോഹ. 14:16, 23,25 എഫെ. 1:13 ലും പറയുന്നതുപോലെ പരിശുദ്ധാത്മാവു നമ്മുടെ ഉള്ളിൽ വരണം. നമ്മോടുകൂടെ പാർക്കണം. അപ്പോഴാണ് പരിശുദ്ധാത്മാവ്, ഉറങ്ങുന്ന സമയം ഒഴികെ എപ്പോഴും നമ്മോടുകൂടെ ഇരിക്കുന്നതു ഉണരുവാൻ സാധിക്കും. പരിശുദ്ധാത്മാവു ആശ്വാസം നല്കുന്നതും ആലോചന പറയുന്നതും അറിയാൻ സാധിക്കും. ദൈവം നമുക്കു ഓരോരുത്തർക്കും സമാധാനമുള്ള ഉറക്കം നല്കുമാറാകട്ടെ.

## ജാമക്കാരൻ വേണ്ട

- ജാമക്കാരൻ നിങ്ങൾക്കു പ്രയോജനമില്ലെങ്കിലോ
- ജാമക്കാരൻ മാസിക വായിക്കുന്നത് നിങ്ങളുടെ സഭാ പാസ്റ്ററോ, അച്ചനോ, ബിഷപ്പോ ഇഷ്ടപ്പെടാതെ അതു കാരണം നിങ്ങൾക്ക് പ്രശ്നം വരും എന്നു തോന്നിയാൽ
- ജാമക്കാരൻ ഉപദേശ വിഷയത്തിൽ നിങ്ങളെ കുഴപ്പത്തിൽ ആക്കുന്നു എന്നു കരുതിയാൽ അഥവാ നിങ്ങളുടെ വിശ്വാസ ത്തിനു തടസ്സമായിരിക്കുന്നു എന്നു നിങ്ങൾ അറിഞ്ഞാൽ
- വളരെ പ്രത്യേകമായി ജാമക്കാരനായ ഞാൻ (ഡോ. പുഷ്പരാജ്) എഴുതുന്ന വിഷയങ്ങളിലും വാർത്തകളിലും വ്യാജമോ കള്ളമോ ഉണ്ടെന്നറിഞ്ഞാൽ

ഉടൻ തന്നെ നിങ്ങൾക്കു പോസ്റ്റിൽ വരുന്ന ജാമക്കാരൻ കവറിന്റെ മേലെ **REFUSED or RE-DIRECTED** എന്നു എഴുതി സ്റ്റാംപ് ഒട്ടിക്കാതെ തന്നെ പോസ്റ്റ് ബോക്സിൽ ഇട്ടാൽ മതി. അതിനുശേഷം ജാമക്കാരൻ മെയിലിംഗ് ലിസ്റ്റിൽ നിന്നും നിങ്ങളുടെ അഡ്രസ്സ് നീക്കും. അതിനുശേഷം ജാമക്കാരൻ നിങ്ങളെ ശല്യപ്പെടുത്തുകയില്ല.

**JUNE - 2022**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India** - Rs.60/
**Foreign** - Rs.600/

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.